LIBRARY ARCHIVES Kerala Legislative Assembly

സേനയിലെ പോലീസ് ഉദ്യോഗസ്ഥരുടെ ആരോഗ്യവും ശാരീരികക്ഷമതയും നിലനിർത്തുന്നതിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് സിസ്റ്റമാറ്റിക് ഹെൽത്ത് അസസ്മെന്റ് ഫോർ പോലീസ് പേഴ്സണൽ (SHAPE) പദ്ധതി.

(ബി) സേനയിലെ പോലീസുദ്യോഗസ്ഥരുടെ ആരോഗ്യം സംരക്ഷിക്കുന്നതിനും അവർ വ്യായാമമുറ അഭ്യസിക്കുന്നതിനും ആവശ്യമായ മെഡിക്കൽ പരിശോധനയ്ക്ക് വിധേയമാകുന്നതിനും വേണ്ടിയുള്ളതാണ് ഈ പദ്ധതി. എല്ലാ ജില്ലാ പോലീസ് മേധാവിമാരും അവരുടെ കീഴിലുള്ള പോലീസുദ്യോഗസ്ഥർക്ക് ശാരീരിക വ്യായാമമുറകൾക്ക് പരിശീലനം നൽകേണ്ടതും പ്രസ്തുത ശാരീരിക വ്യായാമം രാവിലെ 7 മണി മുതൽ 7.45 മണിവരെ തിങ്കളാഴ്ചകളിലും വ്യാഴാഴ്ചകളിലും നടത്തേണ്ടതും 50 വയസ്സിനുമേൽ പ്രായമുള്ളവർ അവർ ആഗ്രഹിക്കുന്ന പക്ഷം പ്രസ്തുത പരിശീലനത്തിൽ ഏർപ്പെട്ടാൽ മതിയെന്നും കൂടാതെ പരിശീലനങ്ങളിൽ ഏർപ്പെടുന്നതിനുമുമ്പ് എല്ലാ ഉദ്യോഗസ്ഥരും ആവശ്യമായ മെഡിക്കൽ പരിശോധനകൾക്ക് വിധേയരാകേണ്ടതും സംബന്ധിച്ച കാര്യങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(സി) പോലീസ് വകുപ്പും ആരോഗ്യവകുപ്പും സഹകരിച്ചാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

പട്ടികവർഗ്ഗ സമൂഹങ്ങൾക്കുള്ള പദ്ധതികളെക്കുറിച്ചുള്ള വിജിലൻസ് അന്വേഷണം

177 (2997) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി പട്ടികവർഗ്ഗ സമൂഹവുമായി ബന്ധപ്പെട്ട് അഥവാ അവരുടെ പദ്ധതികളുമായി ബന്ധപ്പെട്ട് എത്ര പരാതികളിൽ വിജിലൻസ് അന്വേഷണം നടത്തുന്നുണ്ട് ; അവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ എത്ര കേസ്സുകളിൽ വിജിലൻസ് റിപ്പോർട്ട് സമർപ്പിച്ചുവെന്നും അവ ഏതെല്ലാമെന്നും വിശദമാക്കുമോ ; ഇവയിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി-പട്ടികവർഗ്ഗ സമൂഹവുമായും അവരുടെ പദ്ധതികളുമായും ബന്ധപ്പെട്ടുള്ള 15 പരാതികളിന്മേൽ വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. കൊല്ലം ജില്ല പട്ടികജാതി ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ SIND (O2) 29 എന്ന സംഘം, പട്ടികജാതിക്കാർക്ക് തൊഴിൽ നൽകുന്നതിനുവേണ്ടി കോടികൾ ഗ്രാന്റായി വാങ്ങുകയും പട്ടികജാതിക്കാർക്ക് യാതൊരു സഹായവും ചെയ്തിട്ടില്ല എന്ന പരാതിയിൽ വിജിലൻസ് അന്വേഷണം പുരോഗമന ഘട്ടത്തിലാണ്.

2. ഇടുക്കി ജില്ലയിൽ പട്ടികവർഗ്ഗവിഭാഗത്തിന് അനുവദിച്ച ഹൗസിംഗ് ഗ്രാന്റിൽ ടൈബൽ എക്സ്റ്റൻഷൻ ഓഫീസർ ശ്രീ. വി. എൽ. രഘുനാഥൻ ക്രമക്കേട് നടത്തിയതായുള്ള ആരോപണം ഉൾക്കൊള്ളുന്ന പരാതിയിൽ വിജിലൻസ് അന്വേഷണം (വി.ഇ.03/2012/ഐ.ഡി.കെ.) നടത്തി സമർപ്പിച്ച റിപ്പോർട്ടിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിനായി 19-8-2014-ൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത വിഷയത്തിന്മേൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയും ചെയ്യുന്നു.

3. ഇടുക്കി ജില്ലയിൽ അഴുത ബ്ലോക്ക്, വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിന്റെ ഭൂരഹിത, ഭവനരഹിത പട്ടികജാതിക്കാരുടെ പുനരധിവാസത്തിനായി അഴുത ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ് മുഖേന നടപ്പിലാക്കിയ പദ്ധതിയിലെ ക്രമക്കേട് സംബന്ധിച്ചുള്ള പരാതിയിന്മേലുള്ള വിജിലൻസ് അന്വേഷണം (വി.ഇ.01/13/ ഐ.ഡി.കെ.) നടത്തി സമർപ്പിച്ച റിപ്പോർട്ടിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിനായി 4-2-2015-ൽ ആഭ്യന്തരവകുപ്പിനും തദ്ദേശസ്വയംഭരണ വകുപ്പിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

4. ഇടുക്കി ജില്ലയിലെ കളപ്പാറ പട്ടികജാതി കോളനിയിലെ കുടിവെള്ള വിതരണത്തിലെ ക്രമക്കേട് സംബന്ധിച്ചുള്ള പരാതിയിന്മേലുള്ള വിജിലൻസ് അന്വേഷണം പുരോഗമനഘട്ടത്തിലാണ്.

5. ഇടുക്കി ജില്ല മാങ്കുളം പഞ്ചായത്തിലെ പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള ഭവനനിർമ്മാണ സഹായം അനുവദിച്ചതിലെ ക്രമക്കേട് സംബന്ധിച്ചുള്ള പരാതിയിന്മേലുള്ള വിജിലൻസ് അന്വേഷണം നടന്നുവരുന്നു.

6. ആദിവാസികളുടെ പേരിൽ വ്യാജ പരാതി നൽകിയെന്ന ആരോപണത്തെ സംബന്ധിച്ച തൃശ്ശൂർ മലക്കപ്പാറ-പെരുമ്പാറ കാടർ കോളനിയിലെ പരാതി സംബന്ധിച്ചുള്ള വിജിലൻസ് അന്വേഷണത്തിൽ തുടർനടപടി ആവശ്യമില്ലെന്ന റിപ്പോർട്ടിന്മേൽ സർക്കാർ അനുമതിയോടെ അന്വേഷണം അവസാനിപ്പിച്ചു.

7. കേരള സസ്റ്റെയിനബിൾ അർബൻ ഡെവലപ്പ്മെന്റ് പ്രോജക്ട് തൃശ്ശൂർ ജില്ല ചേറൂർ ഡിവിഷനിലെ കോളനികളിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നിയമവിരുദ്ധമായി റോഡ് നിർമ്മാണ നടപടികൾ നടത്തിയത് സംബന്ധിച്ചുള്ള പരാതിയിന്മേൽ നടത്തിയ വിജിലൻസ് അന്വേഷണ റിപ്പോർട്ട് (വി.ഇ. 05/13/റ്റി.എസ്.ആർ.) തുടർനടപടി സ്വീകരിക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പിന് 6-5-2014-ൽ നൽകിയിട്ടുണ്ട്.

8. 2008-09 കാലയളവിൽ പാലക്കാട് ജില്ലയിലെ ദുർബ്ബല വിഭാഗക്കാരുടെ പ്രത്യേക പുനരധിവാസ പദ്ധതി എ.സി.എ., ഭൂരഹിത-ഭവനരഹിത പദ്ധതി എന്നിവയുടെ നടത്തിപ്പിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം (വി.ഇ.02/14/പി.കെ.ഡി.) നടത്തി സമർപ്പിച്ച റിപ്പോർട്ടിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിനായി 19-6-2015-ന് പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

9. പാലക്കാട് ജില്ലയിൽ അട്ടപ്പാടി ആദിവാസി മേഖലയിൽ നടന്നുവരുന്ന വിവിധ അഴിമതികൾ സംബന്ധിച്ചുള്ള വിജിലൻസ് അന്വേഷണം പുരോഗമന ഘട്ടത്തിലാണ്.

10. വയനാട് ജില്ല പൂതാടി ഗ്രാമപഞ്ചായത്തിൽ ആദിവാസികൾക്ക് വീട് നിർമ്മിച്ചതിലെ ക്രമക്കേട് സംബന്ധിച്ച് വിജിലൻസ് അന്വേഷണം (വി.ഇ. 07/2012/ഡബ്ല്യു.വൈ.ഡി.) നടത്തി സമർപ്പിച്ച റിപ്പോർട്ടിന്മേൽ വകുപ്പുതല നടപടി സ്വീകരിക്കുന്നതിനായി 1-4-2014-ന് തദ്ദേശസ്വയംഭരണ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

11. വയനാട്ടിലെ ആദിവാസികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പാക്കിയതിലെ അഴിമതി സംബന്ധിച്ചുള്ള വിജിലൻസ് അന്വേഷണം നടന്നുവരുന്നു.

12. കോഴിക്കോട് ജില്ലയിലെ പയ്യോളി ഗ്രാമപഞ്ചായത്ത് അധികൃതർക്കെതിരായി പട്ടികജാതി വനിതകൾക്ക് ഏർപ്പെടുത്തിയ എംപ്ലോയ്മെന്റ് ടെയിനിംഗ് സംബന്ധിച്ചുള്ള വിജിലൻസ് അന്വേഷണം നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

13. കണ്ണൂർ ജില്ലയിലെ ഇരിക്കൂർ പട്ടികജാതി ഹോസ്റ്റലിന് സ്ഥലം വാങ്ങിയതിലെ ക്രമക്കേടുകളെക്കുറിച്ച് വിജിലൻസ് അന്വേഷണത്തിൽ തുടർ നടപടികൾ ആവശ്യമില്ലെന്നുകണ്ട് അന്വേഷണം അവസാനിപ്പിച്ചു.

14. കണ്ണൂർ ജില്ല പുഴതി ഗ്രാമപഞ്ചായത്തിൽ പട്ടികജാതിക്കാർക്കുള്ള വീട് നിർമ്മാണത്തിന് സ്ഥലം വാങ്ങിയതിലെ ക്രമക്കേട് സംബന്ധിച്ചുള്ള വിജിലൻസ് അന്വേഷണത്തിൽ അനന്തര നടപടികൾ ആവശ്യമില്ലെന്ന് കണ്ട് അന്വേഷണം അവസാനിപ്പിച്ചു.

15. തിരുവനന്തപുരം ജില്ലയിൽ ന്യൂനപക്ഷ ക്ഷേമവകുപ്പിന്റെ മൂന്നുകോടിയോളം രൂപ ഉപയോഗിച്ച് ബി.പി.എൽ. വിഭാഗത്തിലെ വിദ്യാർത്ഥികൾക്കായി പഠനമേശയും കസേരയും വിതരണം ചെയ്യുന്ന ചെറുകിട വ്യവസായ വികസന കോർപ്പറേഷന്റെ പദ്ധതിയിലെ ക്രമക്കേടുകൾ സംബന്ധിച്ചുള്ള വിജിലൻസ് അന്വേഷണം പുരോഗമിക്കുന്നു.

വയനാട് ജില്ലയിലെ പോലീസ് സേനയുടെ നവീകരണ പ്രവർത്തനങ്ങൾ

178 (2998) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പോലീസ് സേനയുടെ നവീകരണത്തിനായി കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ഏറ്റെടുത്ത പ്രവൃത്തികൾ എന്തെല്ലാമെന്നും ആയതിനു ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം വയനാട് ജില്ലയിൽ നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമെന്നും ആയതിനു ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിപ്രകാരം അടുത്ത സാമ്പത്തിക വർഷം ജില്ലയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly